

കായികരംഗത്ത് ഐ.ജി.ടി.

# കായികരംഗത്ത് ഐ.ജി.ടി.



ഐ.ജി.ടി 2005 ഏപ്രിൽ ഒന്നിന് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. അന്നു മുതൽക്കേ ജീവനക്കാരുടെ കലാപരവും കായികവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ എല്ലാവിധ പിന്തുണയും ഐ.ജി.ടി. നൽകി വരുന്നു. ജീവനക്കാരുടെ പൂർണ്ണ സഹകരണം നേടിയെടുക്കാൻ ഇതിലൂടെ ഐ.ജി.ടി ക്കു കഴിഞ്ഞു.

ജീവനക്കാരിൽ നിന്ന് തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തിയുള്ള ഒരു ക്രിക്കറ്റ് ടീമിന്റെ രൂപീകരണവും പരിശീലനവുമായിരുന്നു സ്പോർട്സ് രംഗത്ത് ആദ്യ സംരംഭം. കൊച്ചിൻ കസ്റ്റംസ് ഹൗസ് ഏജൻസ് അസോസിയേഷൻ സംഘടിപ്പിച്ച ക്രിക്കറ്റ് ടൂർണ്ണമെന്റിൽ ഈ ടീം പങ്കെടുത്തു.

ലോകകപ്പ് മത്സരത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഐലന്റിലുള്ള പ്രമുഖ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഫുട്ബോൾ മത്സരം സംഘടിപ്പിക്കാൻ, ടാജ് മലബാർ, കൊച്ചിൻ പോർട്ട്, കൊച്ചിൻ സ്റ്റീമർ ഏജന്റസ് അസോസിയേഷൻ, കൊച്ചിൻ കസ്റ്റംസ് ഹൗസ് ഏജന്റസ് അസോസിയേഷൻ എന്നീ ടീമുകളുമായി ചേർന്ന് ഐ.ജി.ടി സംഘടിപ്പിക്കുവാനുദ്ദേശിച്ച എവർ റോളിംഗ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കാ



നുള്ള ക്ഷണത്തിന് അനുകൂലമായ വൻ പ്രതികരണമാണ് ലഭിച്ചത്.

ഐ.ജി.ടി. എവർ റോളിംഗ് ഫുട്ബോൾ ടൂർണ്ണമെന്റ് 2006 ആഗസ്റ്റ് 21 മുതൽ 30 വരെയുള്ള 10 ദിവസങ്ങളിലായി നടത്താൻ തീരുമാനിച്ചു. ട്രോഫിയുടെ രൂപരേഖ തയ്യാറാക്കിയതും ഐ.ജി.ടി ജീവനക്കാർ തന്നെ. ഐ.ജി.ടി. ഉൾപ്പെടെ എട്ടു ടീമുകൾ മത്സരിക്കാൻ തയ്യാറായി ഒരു ടീമിന് മൂന്നു കളി